# സുനാമിയുടെ വിസ്ഫോടനം

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജപ്പാന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെന്ന് രാജ്യത്തെ പ്രധാനമന്ത്രി തന്നെ വിശേഷിപ്പിച്ച പ്രകൃതിദുരന്തത്തിന്റെ വ്യാപ്തിയില് വിറങ്ങലിച്ചു നില്ക്കുകയാണ് ലോകം. സുനാമിയുടെയും ഭൂകമ്പത്തിന്റെയും ഫലമായി ആണവകേന്ദ്രത്തിലെ വിസ് ഫോടനത്തിന്റെ പ്രത്യാഘാതങ്ങള് എത്രയായിരിക്കുമെന്ന് ആര്ക്കും ഊഹിക്കാനാകില്ല. ഭൂകമ്പം, സുനാമി, കനത്ത അണുവികരണം എന്നീ വന്ദുരന്തങ്ങള് ഒരുമിച്ച് ആക്രമിച്ചപ്പോള് ലോകത്തിലെ ശക്തമായ സമ്പദ്ഘടനയുള്ള രാജ്യത്തിന് പോലും പതര്ച്ച സംഭവിച്ചു. ജപ്പാന് പകരം മറ്റേത് രാജ്യമാണെങ്കിലും തീര്ത്തും തകര്ന്നുപോകുന്ന സാഹചര്യം.

ജപ്പാന് ദുരന്തം ലോകത്തെ പലനിലയില് സ്വാധീനിക്കുമെന്ന് ഉറപ്പാണ്. വാഹനവിപണി, ഓഹരിരംഗം, തൊഴില്മേഖല മുതലായ അതീവപ്രാധാന്യമുള്ള മേഖലകളില് തിരിച്ചടി ഉറപ്പാണ്. ആഗോളതലത്തിലുണ്ടായ കനത്ത സാമ്പത്തികമാന്ദ്യത്തില് നിന്നും കരകയറുന്നതിന് മുമ്പ് ലോകത്തിലെ പ്രധാന സാമ്പത്തിക ശക്തിയുടെ നടുവൊടിച്ച ദുരന്തം ലോകത്തെ വീണ്ടും പുറകോട്ടടിക്കും. ലോകത്തില് വിവിധ വികസന പ്രവര്ത്തനങ്ങളില് സജീവമായിരുന്ന ജപ്പാന് സമീപഭാവിയില് ആ ഇടപെടലുകള് സാദ്ധ്യമാകുകയില്ല.

ആണവറിയാക്ടറുകളുടെ സുരക്ഷ ലോകമെങ്ങും വീണ്ടും ചര്ച്ച ചെയ്യപ്പെട്ട് തുടങ്ങി. ജര്മിനി പോലുള്ള രാജ്യങ്ങളില് ആണവവൈദ്യുതിക്കെതിരെ പ്രതിഷേധപ്രകടനങ്ങള് നടന്നുതുടങ്ങി. ലോകത്തിന്റെ വര്ദ്ധിച്ച ഊര്ജ്ജോപയോഗത്തിന് ഏകവഴിയായി കാണുന്ന ആണവോര്ജ്ജം സൂക്ഷിക്കുന്നതിന്റെ അപകടസാദ്ധ്യതകള് ഇനിയുള്ള നാളുകളിലെ പ്രധാന ചര്ച്ചാവിഷയമായിരിക്കും. ആണവോര്ജ്ജത്തിലൂടെ വൈദ്യുതി കമ്മി നികത്താന് വിവിധ രാജ്യങ്ങളുമായി ഉടമ്പടിയിലേര്പ്പെടുന്ന ഇന്ത്യയിലും ചര്ച്ച പൊടിപാറുമെന്ന് തീര്ച്ച.

അഞ്ച് വര്ഷങ്ങള്ക്കുള്ളില് സുനാമി വീണ്ടും ജനവാസകേന്ദ്രങ്ങളെ നക്കിത്തുടച്ചതോടെ മനുഷ്യന് ഏറ്റവും ഭയപ്പെടുന്ന പ്രകൃതിദുരന്തമായി ഇത് മാറിക്കഴിഞ്ഞു. വര്ഷം തോറും ലോകത്തിന്റെ വിവിധ ഭാഗങ്ങളില് അതിശക്തമായ ഭൂകമ്പങ്ങള് ഉണ്ടാകുന്നു. കഴിഞ്ഞ ചില മാസങ്ങള്ക്ക് മുമ്പ് ന്യൂസിലാന്ഡിലെ ക്രൈസ്റ്റ്ചര്ച്ചിനെ ഭൂകമ്പം കുടഞ്ഞെറിഞ്ഞു. കഴിഞ്ഞ വര്ഷം ഹെയ്ത്തിയെ കല്ക്കൂമ്പാരമാക്കിയ ഭൂകമ്പം ലക്ഷങ്ങളുടെ ജീവനെടുത്തു. ഭൂമിയ്ക്ക് പഴയ ഉറപ്പ് നഷ്ടമായത് പോലെ!

ലോകത്തില് എല്ലാ വര്ഷവും റിക്ടര് സ്കെയിലില് 6 ന് മുകളിലുള്ള 150 ഭൂകമ്പങ്ങള് ഉണ്ടാകുന്നുവെന്ന് കണക്കുകള് സൂചിപ്പിക്കുന്നു. പൊടുന്നനെയുള്ള ഭൂമിയുടെ ഈ ഭാവപ്പകര്ച്ചയ്ക്ക് കാരണം വിശുദ്ധബൈബിള്

വെളിപ്പെടുത്തുന്നുണ്ട്. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്ന അവസ്ഥ അന്ത്യകാലത്ത് സംഭവിക്കുമെന്ന് തിരുവെഴുത്ത് പറയുന്നു. കര്ത്താവിന്റെ വരവിന് ലക്ഷണങ്ങളിലൊന്നായി ഭൂകമ്പത്തെ സുവിശേഷങ്ങള് രേഖപ്പെടുത്തുന്നു.

യുദ്ധങ്ങള്, ക്ഷാമങ്ങള്, ഭൂകമ്പം, തെറ്റിക്കാനായി പല മനുഷ്യദൈവങ്ങള്, സുവിശേഷഘോഷണത്തിന്റെ ത്വരിതഗതി, അധാര്മ്മികതയുടെ അതിപ്രസരം, ക്രിസ്തുവിശ്വാസികളുടെ തണുപ്പന് ജീവിതം എന്നിവയെല്ലാം കര്ത്താവ് തന്റെ വരവിന്റെ ലക്ഷണമായി അക്കമിട്ട് നിരത്തിയിട്ടുണ്ട്. ഈ കാലഘട്ടത്തില് ഇവയുടെ തീവ്രത വളരെ വര്ദ്ധിച്ചിരിക്കുന്നു. ലോകത്തില് അനവധി കഷ്ടങ്ങളും നാശങ്ങളും കനത്ത ദുരന്തങ്ങളും അരങ്ങേറുമ്പോള് കര്ത്താവ് വാതില്ക്കല് ആയിരിക്കുന്നുവെന്ന് ദൈവമക്കള് തിരിച്ചറിയട്ടെ. ലോകത്തിന് എന്ത് സംഭവിക്കുന്നുവെന്നോര്ത്ത് ജനം പരിഭ്രാന്തരായി കഴിയുമ്പോള് തങ്ങളുടെ രക്ഷാനായകന്റെ പ്രത്യക്ഷതയില് പ്രിയം വച്ചിരിക്കുന ഏതൊരു വ്യക്തിക്കും പ്രത്യാശയുടെ ചിറകുകള് മുളയ്ക്കും.